സംസ്ഥാനത്ത് തയ്യാറായിക്കൊണ്ടിരിക്കുന്ന അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളും, അനുബന്ധമായി നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിപുലമായ അടിസ്ഥാന കായികവികസന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി വിവിധ ദേശീയ-അന്തർദേശീയ കായികമത്സരങ്ങൾ നടത്താൻ സംസ്ഥാനം സജ്ജമാണ്. എന്നാൽ അന്തർദേശീയ/ദേശീയ മത്സരങ്ങൾ നടത്തുന്നതിനായി രാജ്യങ്ങളെ/ സംസ്ഥാനങ്ങളെ തെരഞ്ഞെടുക്കുന്നത് അന്തർദേശീയ/ദേശീയ കായിക ഫെഡറേഷനുകൾ/സംഘടനകൾ ആണ്. അവയുടെ സമ്മതമുണ്ടെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകൂ.

(ബി) 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നുണ്ട്. ഇതോടൊപ്പം വിവിധ കായിക ഇനങ്ങളുടെ പരിശീലനത്തിനായുള്ള അടിസ്ഥാന കായികവികസന സൗകര്യങ്ങൾ സംസ്ഥാനത്തുടനീളം കായികയുവജന കാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവ മുഖേന ഒരുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എന്നാൽ എല്ലാ ജില്ലകളിലും അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

തീരദേശ വികസന കോർപ്പറേഷൻ മുഖേന അടിസ്ഥാന സൗകര്യവികസനം

24 (*594) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് തീരദേശ വികസന കോർപ്പറേഷൻ പുതുതായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുക ഉണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ബി) തീരദേശ മേഖലയിലെ എല്ലാവർക്കും വീട്, കുടിവെള്ള-ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി-ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ ; ഈ രംഗത്ത് പ്രഖ്യാപിച്ചിരുന്നതും നാളിതുവരെ നടപ്പിലാക്കാതിരുന്നതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുത്ത 470 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി"ക്ക് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. ഇതു കൂടാതെ ഹഡ്കോയിൽ നിന്നോ, മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ, 150 കോടി രൂപ വായ്പയെടുത്ത് 7500 ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയും, 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 12 മത്സ്യഗ്രാമങ്ങളെ സംയോജിത മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

ഇതോടൊപ്പം ആറായിരത്തോളം ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഭവനം നിർമ്മിച്ചു നൽകുന്നതിന് 360 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിയും, മത്സ്യം ഉല്പാദകനിൽ നിന്നും ഉപഭോക്താവിലേക്ക് കേടുകൂടാതെയും ശുചിയായും എത്തിക്കുന്നതിനായി ഒരു ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 50 കോടി രൂപ അടങ്കൽ തുകയിൽ "ബോട്ട് ടു പ്ലേറ്റ്" എന്ന പദ്ധതിയും 14-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച് 123.82 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ 28 കോടി രൂപയുടെ പദ്ധതികൾ നബാർഡിന്റെ പരിഗണനയിലുമാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുത്ത 470 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു.

ഇതുകൂടാതെ തീരദേശ മേഖലയിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനായി 4.70 കോടി രൂപയുടെ അടങ്കൽ തുകയിൽ അടിമലത്തുറ, മാതൃകാ മത്സ്യഗ്രാമ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്. ഇതിനുപുറമെ കുടിവെള്ള-ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി-ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ, കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ പദ്ധതി എന്നിവ നടപ്പിലാക്കുന്നു. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly